(ഡി) കേന്ദ്രസർക്കാർ ക്രമേണ ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് റേഷൻ വിതരണം നിറുത്താൻ ആലോചിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഭക്ഷ്യവിതരണ രംഗം കാര്യക്ഷമമാക്കി, ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സുലഭമായി ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ & എഫ്) സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു.

തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്നത് തടയാൻ നടപടി

17 (*165) ശ്രീ. കെ. എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പ, അച്ചൻകോവിൽ, നദികളിൽ നിന്നും തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്ന വിവരം വനം, ജലസേചനവകുപ്പുകൾ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) അനധികൃതമായി ജലം ചോർത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃത ജലാപഹരണം എന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-സി) ഇല്ല. ഇത്തരം ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വനം, ജലസേചന ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലപരിശോധന നടത്തിയെങ്കിലും ജലം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ മുൻകാലങ്ങളിൽ കുതിരകെട്ടിയിൽ നിന്നും 2. കി. മീ. വടക്ക് കിഴക്ക് മാറി ചുറ്റുവഴി എന്ന സ്ഥലത്ത് മൺകൂനയുണ്ടായി ചാല് കീറി തമിഴ്നാട്ടിലേക്ക് വെള്ളം കടത്താൻ ശ്രമം നടന്നെങ്കിലും വനംവകുപ്പ് ഈ ശ്രമം വിഫലമാക്കുകയായിരുന്നു. സംസ്ഥാനത്തെ ജലസമ്പത്ത് അനധികൃതമായി ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി തൃശൂർ ഇൻവെസ്റ്റിഗേഷൻ സ്ക്വാഡിംഗ് എൻജിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേസിനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ വിജിലൻസ് ഓഫീസർമാരായി ഒരു സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ അംഗീകാരമില്ലാത്ത കോഴ്സുകൾ

18 (*166) ശ്രീ. ടി നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ബിരുദാനന്തര ബിരുദകോഴ്സുകൾ നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly